## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നമ്പർ : 4366

27.06.2013-ൽ മറുപടി
നൽകേണ്ടിയിരുന്നത്

## സർക്കാർ ഭൂമിയിൽ നിർമ്മിച്ചിരിക്കുന്ന ആരാധനാലയങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സർക്കാർ ഭൂമിയിൽ ആകെ എത്ര ആരാധനാലയങ്ങൾ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) 626 |
| (ബി) അനധികൃതമായി നിർമ്മിച്ച ആരാധനാലയങ്ങൾ പൊളിച്ചുമാറ്റുവാനും കയ്യേറിയ ഭൂമി തിരിച്ചുപിടിക്കുവാനും ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ? | (ബി) ബഹു. സുപ്രീംകോടതിയുടെ 16.02.2010-ലെ പെറ്റീഷൻ (എസ്) ഫോർ സ്പെഷ്യൽ ലീവ് ടു അപ്പീൽ (സിവിൽ) നമ്പർ (എസ്)-8519/06 നമ്പർ ഉത്തരവ് അനുസരിച്ച് ആരാധനാലയങ്ങളുടെ പേരിൽ പൊതു സ്ഥലങ്ങളിൻമേൽ അനധികൃത നിർമ്മാണ പ്രവർത്തനങ്ങൾ തടഞ്ഞ് കൊണ്ട് ഉത്തരവായിട്ടുണ്ട്. നിലവിലുള്ള ആരാധനാലയങ്ങളെ സംബന്ധിച്ച് ഉചിതമായ നടപടികൾ സർക്കാർ തലത്തിൽ കൈക്കൊള്ളേണ്ടതാണ് എന്ന് സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുണ്ട്. അതിൻ പ്രകാരം ആഭ്യന്തര വകുപ്പ് പുറപ്പെടുവിച്ച 26.08.2010-ലെ ജി.ഒ (ആർ.റ്റി) നമ്പർ 2657/10/ഹോം നമ്പർ ഉത്തരവ് പ്രകാരം 15 |

വർഷത്തിലേറെ പഴക്കമുള്ള ആരാധനാലയങ്ങളുടെ പേരിലുള്ള അനധികൃത നിർമ്മാണങ്ങളെ നിയമ നടപടികളും തർക്കങ്ങളും ഇല്ലായെങ്കിൽ നിലനിർത്താനും. അനധികൃത നിർമ്മാണങ്ങൾ 15 വർഷത്തിന് താഴെയും എന്നാൽ 2 വർഷത്തിന് മുകളിലും പഴക്കമുള്ളതും യാതൊരുവിധ പൊതു തടസ്സങ്ങളോ നിയമ നടപടികളോ തർക്കങ്ങളോ ഇല്ലായെങ്കിൽ നിലനിർത്താനും, അപ്രകാരം ഉള്ളവയാണെങ്കിൽ മാറ്റി സ്ഥാപിക്കുകയോ, പൊളിച്ച് മാറ്റുകയോ ചെയ്യേണ്ടതാണെന്നും 2 വർഷത്തിൽ താഴെ പഴക്കമുള്ളവയെ മുൻകൂർ നോട്ടീസ് നൽകി മാറ്റേണ്ടതാണെന്നും. പുതുതായി നിർമ്മിച്ച അനധികൃത ആരാധനാലയങ്ങൾക്ക് വെള്ളം, വെളിച്ചം എന്നിവ നൽകാൻ പാടില്ലായെന്നുമാണ്. ഇത് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**